പട്ടികജാതി-പട്ടികവർഗ്ഗ ഫിഷറീസ് സഹകരണ സംഘങ്ങളുടെ പ്രവർത്തനം

7 (*247) ശ്രീ. ജോൺ ഫെർണാണ്ടസ് :
ശ്രീ. എൻ. കണ്ണൻ :
ശ്രീ. എം. നാരായണൻ (കുഴൽമന്ദം) :
ശ്രീ. വെങ്ങാനൂർ പി. ഭാസ്കരൻ :
ശ്രീ. കെ. പി. സതീശ്ചന്ദ്രൻ : താഴെകാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പട്ടികജാതി-പട്ടികവർഗ്ഗ ഫിഷറീസ് സഹകരണ സംഘങ്ങളുടെ പ്രവർത്തനം സർക്കാർ വിലയിരുത്തിയിട്ടുണ്ടോ ;

(ബി) എങ്കിൽ പ്രസ്തുത സഹകരണ സംഘങ്ങളുടെ പ്രവർത്തനം കാര്യക്ഷമമല്ലെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) സംഘങ്ങളുടെ പ്രവർത്തനം കാര്യക്ഷമമാക്കാൻ ഏതെങ്കിലും പദ്ധതികൾക്ക് രൂപം നൽകാൻ ഉദ്ദേശമുണ്ടോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ;

(ഡി) പട്ടികജാതി/പട്ടികവർഗ്ഗ ഫിഷറീസ് സഹകരണ സംഘങ്ങളെ മത്സ്യഫെഡുമായി അഫിലിയേറ്റ് ചെയ്യേണ്ടതുണ്ടെന്ന് സർക്കാർ കരുതുന്നുണ്ടോ ; ഇതിനായി എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(ഇ) സംസ്ഥാനത്ത് പ്രവർത്തിച്ചു വരുന്ന പട്ടികജാതി-പട്ടികവർഗ്ഗ ഫിഷറീസ് സഹകരണ സംഘങ്ങൾ എത്ര എന്ന് വെളിപ്പെടുത്തുമോ? അവയുടെ ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ ;

(എഫ്) സംസ്ഥാനത്ത് കൂടുതൽ പട്ടികജാതി-പട്ടികവർഗ്ഗ ഫിഷറീസ് സഹകരണ സംഘങ്ങൾ ആരംഭിക്കാൻ പ്രോത്സാഹനം നൽകുമോ എന്ന് വ്യക്തമാക്കുമോ ?

ഫിഷറീസും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. ടി. കെ. രാമകൃഷ്ണൻ) : സർ,

(എ) ഉണ്ട്.

(ബി) ചില സംഘങ്ങളുടെ പ്രവർത്തനം കാര്യക്ഷമമായി നടക്കുന്നില്ലെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) ഉണ്ട്. പട്ടികജാതി/പട്ടികവർഗ്ഗ സഹകരണസംഘങ്ങളുടെ ഭരണസമിതി അംഗങ്ങൾക്കും സംഘാംഗങ്ങൾക്കും സംഘം പ്രവർത്തനം കാര്യക്ഷമമായ രീതിയിൽ നടത്തുന്നതിന് പരിശീലനം നൽകാൻ തീരുമാനിച്ചിട്ടുണ്ട്.

(ഡി) ഇക്കാര്യം ആലോചിച്ചിട്ടില്ല.

(ഇ) 68 സംഘങ്ങൾ. ജില്ലതിരിച്ചുള്ള കണക്ക് താഴെ കൊടുക്കുന്നു.

തിരുവനന്തപുരം	–	7
കൊല്ലം	–	7
ആലപ്പുഴ	–	4
പത്തനംതിട്ട	–	5

LIBRARY ARCHIVES Kerala Legislative Assembly

കോട്ടയം	-	2
ഇടുക്കി	-	3
എറണാകുളം	-	6
തൃശ്ശൂർ	-	7
പാലക്കാട്	-	7
മലപ്പുറം	-	8
കോഴിക്കോട്	-	4
വയനാട്	-	4
കണ്ണൂർ	-	3
കാസർഗോഡ്	-	1

(എഫ്) പരിശോധിക്കുന്നതാണ്.

ബൈപ്പാസുകളുടെ പുനർനിർമ്മാണം

8 (*248) ശ്രീമതി ജെ. മെഴ്സിക്കുട്ടി അമ്മ :
ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ :
ശ്രീ. എം. ദാസൻ :
ശ്രീ. എം. വി. ജയരാജൻ :
ശ്രീ. കടകംപള്ളി സുരേന്ദ്രൻ : താഴെകാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ദേശീയപാതയിൽ പണി പൂർത്തീകരിക്കാതെ കിടക്കുന്ന ബൈപ്പാസുകളുടെ പുനർനിർമ്മാണം സംബന്ധിച്ച് സർക്കാർ എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ ;

(ബി) ദേശീയപാതയിലെ ഏതൊക്കെ ബൈപ്പാസുകളുടെ നിർമ്മാണം ആണ് പൂർത്തിയാക്കാതെ കിടക്കുന്നതെന്നു വെളിപ്പെടുത്തുമോ ;

(സി) ദേശീയപാതയിലെ ബൈപ്പാസുകളുടെ നിർമ്മാണ പ്രവർത്തനത്തിന് തടസ്സമായിട്ടുള്ള ഘടകങ്ങൾ എന്തൊക്കെയെന്ന് അന്വേഷിച്ചിട്ടുണ്ടോ ; എങ്കിൽ എന്തെല്ലാമെന്നു വെളിപ്പെടുത്തുമോ ;

(ഡി) ദേശീയപാതയിലെ ബൈപ്പാസുകളുടെ നിർമ്മാണം സമയബന്ധിതമായി പൂർത്തിയാക്കാൻ നടപടി സ്വീകരിക്കുമോ ?

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്) : സർ,

(എ&ബി) തിരുവനന്തപുരം, നെയ്യാറ്റിൻകര, കൊല്ലം, ആലപ്പുഴ, കോഴിക്കോട് എന്നീ ബൈപ്പാസുകളുടെ പണിയാണ് സംസ്ഥാനത്ത് ദേശീയപാതയിൽ നടന്നുവരുന്നത്. കൊല്ലം, ആലപ്പുഴ, കോഴിക്കോട്, തലശ്ശേരി-മാഹി എന്നീ ബൈപ്പാസ്സുകളുടെ പണി ബി.ഒ.ടി. അടിസ്ഥാനത്തിൽ നടത്തുന്നതിനുള്ള ഒരു സാദ്ധ്യതാപഠനത്തിന് കേന്ദ്രഗവൺമെന്റിൽ നിന്ന് അനുമതി ആവശ്യപ്പെട്ടിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly